₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 9
Issue 12

**June 2021**

pages 24

"യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു"

**(യോഹന്നാൻ 8:12)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 9   Issue 12   June 2021   pages 24   Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay ചെയ്യുക യോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 114**


## ഉള്ളടക്കം

പേജ്


- ഇടതുമുന്നണിയുടെ വിജയതന്ത്രം 3
- പ്രതികരണങ്ങൾ 6
- തൃശ്ശൂരിലെ താരപ്പേട്ടൻ (10) 7
- പ്രാഗിലെ ജെറോം 10
- പുതിയനിയമത്തിലൂടെ....(18) 14
- പരിശുദ്ധാത്മാവ് (37) 17
- യോവേൽ (23) 20
- കൊച്ചുണ്ണിയുടെ... വായന (18) 22
- 1 സിടിസ്കാൻ = 300 എക്സ്റേ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഇടതുമുന്നണിയുടെ വിജയതന്ത്രം

കഴിഞ്ഞ ഏപ്രിലിൽ നടത്തിയ കേരളനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ഫലം മെയ് 2 ന് പ്രഖ്യാപിച്ചപ്പോൾ ഇടതുമുന്നണി തകർപ്പൻ വിജയം കൊയ്തു, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും കൂട്ടാളികളും തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. കേരളചരിത്രത്തിലാദ്യമായിട്ടാണ് ഭരണത്തുടർച്ച ഉണ്ടാകുന്നത്. ഇതുവരെ എൽഡിഎഫും യുഡിഎഫും മാറി മാറി ഭരിക്കുകയായിരുന്നു. പതിവനുസരിച്ച് ഭരണമെന്ന ശർക്കരക്കുടം ഇത്തവണ തങ്ങളുടെ കയ്യിലെത്തും എന്നു മനപ്പായസം ഉണ്ടു കഴിഞ്ഞിരുന്ന യുഎഡിഎഫിന്റെ കണക്കുകൂട്ടലുകളും സ്വപ്നങ്ങളും തകർന്നുവീണു.

കഴിഞ്ഞ അഞ്ചുകൊല്ലം ഭരിച്ച പിണറായിസർക്കാരിന്റെ ന്യൂനതകൾ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല അക്കമിട്ട് നിരത്തിയിട്ടും, അഴിമതിയുടെയും ബന്ധുനിയമനത്തിന്റെയും കഥകൾ വ്യാപകമായി പ്രചരിപ്പിച്ചിട്ടും, വാളയാറിലെ രണ്ടു പെൺകുഞ്ഞുങ്ങളുടെ ദാരുണമരണത്തെയും, ഗുണ്ടായിസത്തിന്റെ വേരിട്ട പതിപ്പുകളെയും തുറന്നുകാണിച്ചിട്ടും ഇടതുമുന്നണി അതിനെയെല്ലാം മറികടന്നു. പ്രതിപക്ഷം ഉയർത്തിയ കോലാഹലങ്ങൾ കാട്ടുകോഴി കോട്ടുവാ വിടുന്നപോലെ മാത്രം ആയിത്തീർന്നു.

അതേസമയം ഇടതുമുന്നണിയുടെ തന്ത്രങ്ങൾ എല്ലാം വിജയിച്ചു. എന്തായിരുന്നു ഇടതുമുന്നണിയുടെ വിജയതന്ത്രങ്ങൾ? നിഷ്പക്ഷമായി പരിശോധിക്കുമ്പോൾ അവ താഴെപ്പറയുന്നവയാണെന്നു മനസ്സിലാക്കാം:

**1. മനസ്സിൽ ചലനം സൃഷ്ടിച്ച ടാഗ്‌ലൈൻ**

2016 ലെ ഇലക്ഷനിൽ, “എൽഎഡിഎഫ് വരും, എല്ലാം ശരിയാകും” എന്നായിരുന്നു ഇടതുമുന്നണിയുടെ ടാഗ്‌ലൈൻ. വൻതോതിൽ അവർ അത് പരസ്യം ചെയ്തു. ജനം അത് വായിക്കുമ്പോഴൊക്കെയും അവരുടെ മനസ്സിൽ അത് നിറഞ്ഞുവന്നു. വാസ്തവത്തിൽ അത് ഒരു മനഃശ്ശാസ്ത്രപരമായ നീക്കം (psychological move) ആയിരുന്നു. അത് ക്ലിക്ക് ചെയ്തു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയുടെ തിളക്കം ജനമനസ്സുകളിൽനിന്നും നീക്കം ചെയ്യുന്നതിനും ഇടതുമുന്നണി

വൻഭൂരിപക്ഷത്തിൽ ജയിക്കുന്നതിനും അതു വഴി തെളിച്ചു. ഇത്തവണത്തെ ഇലക്ഷനിലും ഇടതുമുന്നണി മറ്റൊരു ടാഗ്‌ലൈൻ അവതരിപ്പിച്ചു. "ഉറപ്പാണ് എൽഎഡിഎഫ്" എന്നായിരുന്നു അത്. ഓരോ തവണയും അത് വായിക്കുമ്പോൾ നാമറിയാതെ അതു നമ്മുടെ മനസ്സിൽ കുടിയേറിപ്പാർക്കുകയായിരുന്നു. ഇതുപോലെയുള്ള ആകർഷകങ്ങളായ ടാഗ്‌ലൈൻ അവതരിപ്പിക്കുന്നതിൽ മറ്റുള്ളവർ ശ്രദ്ധിച്ചില്ല.

**2. സംഘടനാകെട്ടുറപ്പ്, കഠിനാദ്ധ്വാനം (കാലുവാരൽ ഇല്ല)**

ഇടതുമുന്നണിയുടെ, പ്രത്യേകിച്ചും സിപിഎമ്മിന്റെ, സംഘടനാകെട്ടുറപ്പ് ആണ് മറ്റൊരു ഘടകം. എന്തൊക്കെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും, ഇലക്ഷൻ വന്നാൽ സ്വന്തം സ്ഥാനാർത്ഥിയെ തോൽപ്പിക്കാൻ അവർ തയ്യാറാവില്ല. പാർട്ടി ആ സമയത്ത് അവർക്ക് ഒരു വികാരവും പ്രാണനും ആയി മാറുന്നു. കയ്യും മെയ്യും മറന്നുള്ള അദ്ധ്വാനമാണ് അവർ നടത്തിയത്. ഇലക്ഷൻ പ്രചാരണത്തിൽ അവർ ഏറെ മുന്നിലായിരുന്നു. വിയർപ്പൊഴുക്കാൻ അണികൾക്ക് ക്ഷാമമില്ലായിരുന്നു. മറുഭാഗത്താകട്ടെ, ആങ്ങള ചത്തിട്ടായാലും വേണ്ടില്ല, നാത്തൂന്റെ സങ്കടം കണ്ടാൽ മതി എന്ന മട്ടിലായിരുന്നു പലരുടെയും പെരുമാറ്റം. അണികളേക്കാൾ കൂടുതൽ നേതാക്കന്മാരുള്ള പാർട്ടിയായി കോൺഗ്രസ് അധഃപതിച്ചുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

**3. ഇടയ്ക്കിടെ ലഭിച്ച കിറ്റുകൾ**

കാര്യം പൊതുജനത്തിന്റെ കാശുകൊണ്ടാണെങ്കിലും, നിർണ്ണായക ഘട്ടങ്ങളിൽ കിറ്റുകൾ വിതരണം ചെയ്തത് ഒരു ജനോപകാരപ്രദമായ കാര്യം തന്നെയായിരുന്നു. സാധാരണക്കാരായ അനേകർക്ക് അത് ആശ്വാസവുമായിരുന്നു. കിറ്റിലെ ഗുണനിലവാരം കുറഞ്ഞ ശർക്കര, മാസ്ക് തുടങ്ങിയവയെ വിമർശിക്കാതെ കിറ്റ്‌വിതരണത്തെ തന്നെ അടച്ചാക്ഷേപിച്ചുകൊണ്ട് പ്രതിപക്ഷം നടത്തിയ പ്രസംഗങ്ങൾ വിപരീതഫലമാണ് ഉളവാക്കിയത്. നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ കിറ്റുകൾ ഇടയ്ക്കിടെ കിട്ടിയത് ജനത്തിന് മറക്കാൻ ആവില്ലായിരുന്നു.

**4. കറണ്ട് കട്ട് ഇല്ല**

വൈദ്യുതമന്ത്രി ശ്രീ. എം. എം. മണി കഴിഞ്ഞ വർഷങ്ങളിൽ ഏറെ പഴി കേട്ടിരുന്നു. പ്രളയത്തിന് ഉത്തരവാദി അദ്ദേഹമാണെന്നും അദ്ദേഹം വിദ്യാഭ്യാസം ഇല്ലാത്ത ആളാണെന്നും ഒക്കെ പ്രചാരണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ വർഷം പവർകട്ട് എന്നൊരു ദുരന്തം കേരളത്തിൽ ഉണ്ടായിരുന്നില്ല എന്നത് മണിയാശാന്റെ മാറ്റ് കൂട്ടി. ഈ വർഷം പവർകട്ട് ഉണ്ടാകില്ല എന്ന് അദ്ദേഹം മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അദ്ദേഹം വൻഭൂരിപക്ഷത്തിൽ വിജയിച്ചു. അദ്ദേ

ഹത്തിന്റെ പ്രസംഗങ്ങളിലെ ചില വിവാദഭാഗങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാതെ, വിദ്യാഭ്യാസം കുറവാണെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ നടത്തിയ വ്യക്തിഹത്യ ഗുണം ചെയ്തില്ലെന്നു സാരം.

**5. കൊറോണ, പ്രളയം – കരുതലിന്റെ കരുത്ത്**

ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്ന അഞ്ചു വർഷവും ഇവിടെ ദുരന്തങ്ങളുടെ വേലിയേറ്റമായിരുന്നു. പ്രളയം, നിപ, കൊറോണ... എല്ലാറ്റിനെയും ചങ്കുറപ്പോടുകൂടിത്തന്നെ അദ്ദേഹവും കൂട്ടാളികളും നേരിട്ടു. പ്രതിപക്ഷം ചുമ്മാ കുറ്റം പറഞ്ഞും വിമർശിച്ചും നടക്കുകയാണ് എന്ന പ്രതീതി ജനമനസ്സുകളിൽ സൃഷ്ടിക്കുന്നതിലും അവർ വിജയിച്ചു. ഇതുപോലുള്ള ദുരന്തങ്ങൾ വന്നാൽ അതിനെ നേരിടാൻ ഇടതുപക്ഷത്തിനേ കഴിയൂ എന്ന തോന്നൽ ജനങ്ങളിൽ  ഉളവായി.

**6. കരുത്തുറ്റ സൈബർ വിംഗ്**

ഇടതുമുന്നണിയുടെ സൈബർ വിംഗിനെ അഭിനന്ദിക്കാതെ വയ്യ. മികച്ച അവതരണങ്ങളും ആക്രമണങ്ങളും അവർ സോഷ്യൽ മീഡിയായിലൂടെ നടത്തി. സൈബർ വിംഗിന്റെ പ്രചാരണങ്ങൾ ഫലം കാണാതെ പോയത് ചുരുക്കം ചിലയിടങ്ങളിൽ മാത്രമാണ്. അതിലൊന്നാണ് വടകര നിയോജക മണ്ഡലം. അവിടെ ശ്രീമതി. കെ. കെ. രമ – കൊലപാതകരാഷ്ട്രീയത്തിന്റെ ഇരയായ ശ്രീ. ടി. പി. ചന്ദ്രശേഖരന്റെ ഭാര്യ – 7000ത്തിലധികം വോട്ടുകൾക്ക് ജയിച്ചു.

51 വയസ്സുണ്ടായിരുന്ന ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ  ശരീരത്തിൽ 51 വെട്ട് ഏറ്റിരുന്നു. ചന്ദ്രശേഖരന്റെ വിധവ, കെ.കെ. രമ യുഡിഎഫിന്റെ പിൻബലത്തിൽ വടകരയിൽ വിജയക്കൊടി പാറിച്ചു. മെയ് നാലിനായിരുന്നു ടി.പി.ചന്ദ്രശേഖരന്റെ രക്തസാക്ഷിദിനം. അതിന്റെ തലേദിവസം, അതായത് മെയ് 3 ന് വിജയമുറപ്പിച്ച രമ, വീട്ടുമുറ്റത്തു സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പ്രതിമയെ കെട്ടിപ്പിടിച്ച് കരഞ്ഞത്, കേരളത്തിന്റെ മനസ്സിൽ നീറ്റലും തേങ്ങലും ഉളവാക്കി.

**അവസാനമായി ഒരു വാക്ക്:** തിളക്കമാർന്ന വിജയം നേടിയ ഇടതുമുന്നണി വീണ്ടും കേരളക്കര ഭരിക്കട്ടെ. ഗുണ്ടായിസം, സ്വജനപക്ഷപാതം എന്നിങ്ങനെയുള്ള രണ്ടു കാര്യങ്ങളുടെ പേരിൽ കൂടെക്കൂടെ പഴി കേൾക്കുന്ന സാഹചര്യങ്ങൾ ഇത്തവണ ബോധപൂർവ്വം ഒഴിവാക്കണം. അഞ്ചു കൊല്ലം കഴിഞ്ഞാൽ ഇനിയും തിരഞ്ഞെടുപ്പ് ഉണ്ടല്ലോ. അതിലും ജയിച്ചു കയറണമെങ്കിൽ ഇടതുമുന്നണി തുടർച്ചയായി വിമർശിക്കപ്പെടുന്ന ആ രണ്ടു മേഖലകളിൽ (ഗുണ്ടായിസം, സ്വജനപക്ഷപാതം) ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽക്കൂടി ഇടതുമുന്നണിക്ക് ആശംസകൾ, അഭിനന്ദനങ്ങൾ! കണ്ടു പഠിക്കട്ടെ മറ്റുള്ളവർ!

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

### Gladson T J, Viswavani, Kozhikode

*റിയൽ ലൈഫ് വോയ്സ്* മാസിക മുടങ്ങാതെ കൃത്യമായി ലഭിക്കുന്നുണ്ട്. വളരെ ഈടുറ്റ ലേഖനങ്ങളും പംക്തികളുമാണ് ഓരോ ലക്കങ്ങളിലും ലഭിക്കുന്നത്. ചെറിയ പുസ്തകമെങ്കിൽ കൂടി മികച്ച ഉള്ളടക്കമാണ് മാസികയിൽ ഉള്ളത്. ഓരോ തവണത്തെയും എഡിറ്റോറിയൽ ആനുകാലികവും ഗംഭീരവുമാണ്. മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

### K S Abrham, Kothamangalam, Ernakulam

മാസിക അയച്ചുതരുന്നതിനു വളരെ നന്ദി. സത്യസന്ധമായി ദൈവവചന സത്യങ്ങൾ വിളിച്ചറിയിക്കുവാൻ നടത്തുന്ന തീവ്രശ്രമങ്ങൾ പ്രശംസനീയമാണ്. തുടർന്നും കർത്താവ് സഹായിക്കട്ടെ. അഭിനന്ദനങ്ങൾ.

## റിയൽ ലൈഫ് വോയ്സ്ഃ ലക്ഷ്യവും നയവും

**ലക്ഷ്യം** ഃ സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** ഃ ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. ദയവായി ഓർക്കുക: വായനക്കാരെല്ലാം പല ചിന്താഗതികളും ഉപദേശങ്ങളും ഉള്ളവരാണ്. അവരെയെല്ലാം തൃപ്തിപ്പെടുത്തിക്കൊണ്ട് എഴുതുന്നത് ബുദ്ധിമുട്ടാണ്. അതുകൊണ്ട് വ്യക്തമായ തെളിവുകളുടെയും ന്യായങ്ങളുടെയും അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ഈ മാസികയിൽ എഴുതുന്നു. നിങ്ങൾക്ക് അവയെ അനുകൂലിക്കുകയോ എതിർക്കുകയോ ആവാം.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**10**

**-എംവിഎസ്-**

**മഹാകവി കെ. വി. സൈമണുമായുള്ള സൗഹൃദം**

തൃശ്ശൂർ ജില്ലയിലെ പെങ്ങാമുക്ക് എന്ന സ്ഥലവും പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എന്ന സ്ഥലവും തമ്മിൽ ഏകദേശം 200 കിലോമീറ്ററിന്റെ വ്യത്യാസമുണ്ട്. പെങ്ങാമുക്കിലും ഇടയാറന്മുളയിലും ഒരേ കാലഘട്ടത്തിൽ നവോത്ഥാനത്തിന്റെ കാഹളങ്ങൾ മുഴക്കിക്കൊണ്ട് രണ്ടു യുവാക്കൾ എഴുന്നേറ്റു, അഥവാ ദൈവം എഴുന്നേൽപ്പിച്ചു - സി. വി. താരപ്പനും, കെ. വി. സൈമണും. സർവശക്തനായ ദൈവം പിശാചിനെതിരെ കരുതിവച്ച രണ്ടു കുന്തമുനകൾ!

കെ. വി. സൈമൺസാറിന്റെ ജീവിത കാലഘട്ടം 1883-1944; സി. വി. താരപ്പൻസഹോദരന്റെ ജീവിത കാലഘട്ടം 1886-1958. സൈമൺസാർ മാർത്തോമ്മാസഭയിൽ യുദ്ധകാഹളം മുഴക്കിയാണ് ഇറങ്ങിപ്പുറപ്പെട്ടതെങ്കിൽ താരപ്പൻസഹോദരൻ യാക്കോബായസഭയിലായിരുന്നു. സൈമൺസാർ വിദ്യാസമ്പന്നനും നിരവധി ഭാഷകൾ ആധികാരികമായി കൈകാര്യം ചെയ്തിരുന്ന വ്യക്തിയുമായിരുന്നു; താരപ്പൻസഹോദരനാകട്ടെ വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തവനായിരുന്നു. സൈമൺസാർ തന്റെ 32-ാമത്തെ വയസ്സിൽ, അതായത് 1915 ൽ സ്നാനപ്പെട്ടുവെങ്കിൽ, താരപ്പൻസഹോദരൻ തന്റെ 30-ാമത്തെ വയസ്സിൽ, അതായത് 1916 ൽ സ്നാനമേറ്റു. സൈമൺസാർ വിവാഹിതനായിരുന്നു. താരപ്പൻസഹോദരനാകട്ടെ അവിവാഹിതനായിരുന്നു.

രണ്ടു പേരും പുസ്തകങ്ങൾ രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. രണ്ടു പേരും 300-ഓളം പാട്ടുകളെഴുതി. രണ്ടു പേരും വെളിപ്പാടുപുസ്തകത്തിനു വ്യാഖ്യാനഗ്രന്ഥം ചമച്ചു. രണ്ടു പേരും സഭാചരിത്രം എഴുതി. മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം 1926 ൽ പ്രസിദ്ധീകരിച്ച സി. വി. താരപ്പന്റേതാണ്. മഹാകവി കെ. വി. സൈമന്റെ സഭാചരിത്രം പ്രസിദ്ധീകരിച്ചത് 1935 ൽ ആയിരുന്നു. (അദ്ദേഹം *വേദവിഹാരം* എന്ന തന്റെ മഹാകാവ്യം പൂർത്തിയാക്കുന്ന തിരക്കിലായിരുന്നു).

**വിയോജിതസഭയും ക്രിസ്തീയസഭാകൂടാരവും**

മർത്തോമ്മാസഭയുടെ പാരമ്പര്യങ്ങളെയും ദുരുപദേശങ്ങളെയും വെല്ലുവിളിച്ചുകൊണ്ടും ഖണ്ഡിച്ചുകൊണ്ടും ഇറങ്ങിത്തിരിച്ച മഹാകവി കെ. വി.

സൈമന്റെ പ്രവർത്തനഫലമായി നിരവധി സഭാകൂടിവരവുകൾ ഉണ്ടായി. വിയോജിതസഭ എന്നു അവ അറിയപ്പെട്ടു. യാക്കോബായസഭയുടെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് ധീരതയോടെ ഇറങ്ങിത്തിരിച്ച സി. വി. താരപ്പന്റെ പ്രവർത്തനഫലമായും നിരവധി സഭാകൂടിവരവുകൾ ഉണ്ടായി. ക്രിസ്തീയസഭാകൂടാരം എന്നു അവ അറിയപ്പെട്ടു. കെ. വി. സൈമനും, സി. വി. താരപ്പനും സുഹൃത്തുക്കളായി മാറി. അവർ സഹകരിച്ചു പ്രവർത്തിച്ചു.

മഹാകവി കെ. വി. സൈമനെക്കുറിച്ച് ശ്രീ. റ്റി. എ. കുരിയൻ തയ്യാറാക്കി 1952 ൽ പ്രസിദ്ധീകരിച്ച ജീവചരിത്രത്തിൽ, സൈമൺസാറിന്റെ ഡയറിക്കുറിപ്പുകൾ കൊടുത്തിട്ടുണ്ട്. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> 98 ധനുവിൽ താരപ്പൻസഹോദരന്റെ ക്ഷണമനുസരിച്ച് കൊച്ചിക്കു പോയി. 26-ാം നു പഴഞ്ഞിയിൽ എത്തി. മകരം 1-ാം നു ഞായർ വരെ കൺവൻഷൻ പന്തലിൽ യോഗം നടന്നു. ഞായറാഴ്ച ആയിരാമാണ്ടു വാഴ്ചയെക്കുറിച്ചു പ്രസംഗിച്ചു. തിങ്കളാഴ്ച അവിടെനിന്നു ചൊവ്വന്നൂർക്കും പിറ്റെ ദിവസം ചാലശ്ശേരിക്കും പോയി. (പേജ് 216, 217) *(98 ധനു = 1098 ധനു = 1923; ചാലശ്ശേരി = ചാലിശ്ശേരി)*

അതേ പുസ്തകത്തിന്റെ 252 -ാം പേജിൽ കൊടുത്തിരിക്കുന്ന ഡയറിക്കുറിപ്പിൽ ഇപ്രകാരം കാണുന്നു:

> 102 ധനുവിൽ താരപ്പന്റെ ക്ഷണമനുസരിച്ച് പഴഞ്ഞിയിലേക്കു പോയി. 22-25 വരെയുള്ള തീയതികളിൽ അവിടെ കൺവൻഷനിൽ പ്രസംഗിച്ചു. *(102ധനു = 1102 ധനു = 1927)*

സൈമൺസാറിന്റെ ഡയറിക്കുറിപ്പുകളിൽ പലയിടത്തും അദ്ദേഹം നടത്തിയിട്ടുള്ള പഴഞ്ഞി-പെങ്ങാമുക്ക്-കട്ടകംപാല-ചാലശ്ശേരി യാത്രകളെക്കുറിച്ചു പറയുന്നുണ്ട്. *(കട്ടകംപാല = കാട്ടകാമ്പാൽ)* താരപ്പൻസഹോദരനുമായി സൈമൺസാറിനുണ്ടായിരുന്ന ചങ്ങാത്തത്തിന്റെ തെളിവുകളാണ് ഇതെല്ലാം. സുവിശേഷവയലിൽ അവർ കുറെ കാലം ഒന്നിച്ചുണ്ടായിരുന്നു.

**ഒരേ തൂവൽപ്പക്ഷികൾ**

യാതൊരു വിദേശ പിടിപാടുകളും ഇല്ലാതെയാണ് രണ്ടു കൂട്ടരും മുന്നേറിയത്. പണം രണ്ടു പേർക്കും ഒരു ബലഹീനതയായിരുന്നില്ല. ആഡംബരജീവിതവും രണ്ടു പേരെയും കീഴ്പെടുത്തിയില്ല. വസ്ത്രധാരണത്തിലെ കേമത്തവും രണ്ടുപേർക്കും ഒരു വിഷയമായിരുന്നില്ല. ഇസ്തിരിയിടാതെ ചുളിവുകൾ വീണ മുണ്ടും ഷർട്ടുമായിരുന്നു താരപ്പന്റെ വേഷം. പലപ്പോഴും കൂടെയുള്ളവർ പറയുമ്പോഴാണ് പല ദിവസങ്ങളായി ഉടുത്തിരുന്ന മുണ്ട് സൈമൺസാർ മാറ്റിയിരുന്നത്.

ബ്രദറൺ, ബാപ്റ്റിസ്റ്റ് തുടങ്ങിയ സഭകൾ അക്കാലത്ത് കേരളക്കരയിൽ അവരവരുടേതായ സ്ഥാനങ്ങൾ ഉറപ്പിച്ചിരുന്നു. പക്ഷേ സൈമനും താരപ്പനും രണ്ടു വിഭാഗത്തിലും ലയിക്കാൻ തയ്യാറായില്ല.

ശമ്പളം കൈപറ്റിക്കൊണ്ടുള്ള സുവിശേഷവേലയ്ക്ക് രണ്ടുപേരും എതിരായിരുന്നു. "ശമ്പളം കൊടുക്കൽ വാങ്ങലിനെക്കുറിച്ച് മി. സൈമണ് വേണ്ടത്ര തൃപ്തിയില്ലായിരുന്നു" (പേജ് 319). "ശമ്പളത്തിനുവേണ്ടിയുള്ള സുവിശേഷവേല എന്ന വിഷയം തന്നെ ഞങ്ങൾക്ക് വലിയ വെറുപ്പായിരുന്നു" എന്നാണ് താരപ്പൻ തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നത്.

രാത്രി തിരുവത്താഴം നടത്തുന്ന പതിവാണ് വിയോജിതസഭയിലും ക്രിസ്തീയസഭാകൂടാരത്തിലും ഉണ്ടായിരുന്നത്. "...രാത്രിയായിരുന്നു തിരുവത്താഴം നടത്തിയത്. ഒതുക്കവും മറ്റുംകൊണ്ട് രാത്രി തിരുവത്താഴം നടത്തുന്നതിനോട് എനിക്ക് (സൈമന്) അധികം താല്പര്യം ഉണ്ടായിരുന്നു" (പേജ്195). "രാത്രി തിരുവത്താഴം നടത്തുന്നതാണ് ഏകാന്തതയ്ക്കും ഗൗരവത്തിനും ചേരുന്നത്" (പേജ് 198) (അക്കാലത്ത് ടിവി, സീരിയൽ എന്നിവയൊന്നും ഇല്ലായിരുന്നുവെന്ന് വായനക്കാർ പ്രത്യേകം ഓർക്കുമല്ലോ).

കൂടിവരവുകളിൽ സഹോദരിമാർക്ക് പ്രാർത്ഥിക്കുന്നതിനുള്ള സ്വാതന്ത്ര്യം രണ്ടു പേരും കൊടുത്തിരുന്നു. വിയോജിതസഭയിലെ രീതി ഇപ്രകാരമായിരുന്നു: "(വിയോജിതപ്രസ്ഥാനം കൊണ്ട്) സ്ത്രീകൾക്ക് വചനത്തിൽ നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യം യഥാസ്ഥാനപ്പെട്ടുകിട്ടി. അവർക്കുള്ള സ്വാതന്ത്ര്യം പരിമിതമാണെങ്കിലും പല വകുപ്പുകാരും ഉള്ളതു തന്നെ നൽകിയിരുന്നില്ല. വിയോജിതപ്രസ്ഥാനകാലത്ത് സ്ത്രീകൾക്കു സഭായോഗങ്ങളിലും ഇതരമീറ്റിംഗുകളിലും സന്ദർഭം പോലെ ശിരസ്സു മൂടിക്കൊണ്ട് സവിനയം സാക്ഷ്യം പറയുന്നതിനും പ്രാർത്ഥിക്കുന്നതിനും വചനഭാഗങ്ങൾ വായിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരുന്നു." (പേജ് 267)

രണ്ടു പേരുടെയും കൂടിവരവുകളിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരുന്നു  ഉണ്ടായിരുന്നത്. താരപ്പൻസഹോദരന്റെ സഭാകൂടിവരവുകളെ തൊഴിലാളിസഭ എന്നാണല്ലോ സമൂഹം കളിയാക്കി വിളിച്ചിരുന്നത്. സൈമൺസാറിന്റെ സഭാകൂടിവരവുകളിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. "വിയോജിതസഭ നാട്ടിലുള്ള ധനപ്രമത്തന്മാരായ വ്യക്തികളാൽ സംഘടിതമായ ഒരു പ്രസ്ഥാനമായിരുന്നില്ല. ധനപതിയായ ഒരു നേതാവും അതിനില്ലായിരുന്നു" (പേജ് 209)

ഇങ്ങനെ ഒരേ തൂവൽപക്ഷികൾ കണക്കെ താരപ്പനും സൈമനും പരസ്പരം സഹകരിച്ചുകൊണ്ട് മുന്നേറി. പക്ഷേ... നിർഭാഗ്യമെന്നേ പറയേണ്ടൂ, ചില വർഷങ്ങൾക്കുശേഷം ഈ കൂട്ടുകെട്ട് തകർന്നു. സി. വി. താരപ്പനും കെ. വി. സൈമനും വേർപിരിഞ്ഞു. എന്തായിരുന്നു അതിന്റെ കാരണം?

**(തുടരും)**

# പ്രാഗിലെ ജെറോം

(1379–1416)

**പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി**

സഭാനവീകരണത്തിനുവേണ്ടി രക്തസാക്ഷിമരണം വരിക്കേണ്ടി വന്നവരിൽ ജോൺ ഹസ്സിനെപ്പോലെ തന്നെ സ്മരണാർഹനായ മറ്റൊരു പ്രധാനപ്പെട്ട ആളാണ് പ്രാഗിലെ ജെറോം. ജോൺ ഹസ്സ് രക്തസാക്ഷിമരണം വരിച്ചതിന്റെ തൊട്ടടുത്ത വർഷം തന്നെ ഇദ്ദേഹത്തിനും രക്തസാക്ഷിമരണം വരിക്കേണ്ടി വന്നു. ഇദ്ദേഹം ഹസ്സിന്റെ ശിഷ്യനുമായിരുന്നു.

ഇന്നത്തെ ചെക്കോസ്ലാവാക്യയുടെ തലസ്ഥാനമായ പ്രാഗ് (Prague) എന്ന സ്ഥലത്ത് AD 1379 ലാണ് ജെറോം ഭൂജാതനായത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, പ്രാഗിലെ ചാൾസ് യൂണിവേഴ്സിറ്റിയിൽ അദ്ദേഹം പഠനം നടത്തി. അവിടെനിന്നു അദ്ദേഹം ബാച്ച്ലർ (Bachelor) ബിരുദം നേടി. അപ്പോഴേക്കും സഭാനവീകരണത്തിന്റെ ഉദയനക്ഷത്രം (The Morning Star of Reformation) എന്നു സഭാചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്ന ജോൺ വിക്ലിഫിന്റെ ലേഖനങ്ങളും ലഘുലേഖകളും ബൊഹീമിയായിൽ എത്തിക്കഴിഞ്ഞിരുന്നു. അവയിലെ ആശയങ്ങൾ സത്യമാണെന്നു കണ്ടെത്തിയ ജോൺഹസ്സ് അവ ബൊഹീമിയായിൽ പ്രചരിപ്പിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു.

ഹസ്സിനെ കണ്ടെത്തിയതോടുകൂടി സത്യത്തിനു സാക്ഷിയായി നിലകൊള്ളണമെന്ന ഉത്കടമായ ആഗ്രഹം ജെറോമിന്റെ ഹൃദയത്തിലുണ്ടായി. പരസ്പരം സഹകരിച്ചുകൊണ്ട്, അന്നത്തെ സഭയിൽ നിലവിലിരുന്ന അനീതികൾക്കും ഭോഷ്കുകൾക്കും എതിരെ പോരാടാൻ അവർ തീരുമാനിച്ചു. ഹസ്സ് പ്രേരിപ്പിച്ചതനുസരിച്ച് ജെറോം ഇംഗ്ലണ്ടിലേക്കു പോവുകയും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തുകയും ചെയ്തു. അതിനുശേഷം 1401ൽ അദ്ദേഹം പ്രാഗിലേക്കു മടങ്ങിവന്നു. സഭാപാരമ്പര്യത്തെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ നടപടികൾ സഭയുടെ ഭരണാധികാരികളെ ചൊടിപ്പിച്ചു. അവരുടെ എതിർപ്പുകൾ വകവയ്ക്കാതെ ജോൺഹസ്സിന്റെയും അനുയായികളുടെയും സഹകരണത്തോടെ അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ തുടർന്നു.

വിമതമാർപ്പാപ്പമാരുടെ കൂട്ടത്തിൽ പിൽക്കാലത്ത് പേര് ചേർക്കപ്പെട്ട, അന്നത്ത മാർപ്പാപ്പയായിരുന്ന ജോൺ ഇരുപത്തിമൂന്നാമൻ പുറപ്പെടുവിച്ച പാപമോചനവിളംബരം തെറ്റായ നടപടിയാണെന്നും ദൈവത്തെ ധിക്കരിക്കുന്ന നടപടിയാണെന്നും അദ്ദേഹം പ്രസംഗിച്ചു. (തന്റെ അനുഗ്രഹാശി

സ്സുകളോടെ, നേപ്പിൾസ് രാജാവിന് എതിരെ നടത്തുന്ന യുദ്ധത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പാപമോചനം നൽകിയിരിക്കുന്നു എന്നായിരുന്നു മാർപ്പാപ്പയുടെ വിളംബരം).

ജെറോമിന്റെ ആശയങ്ങൾക്ക് പ്രാഗിലും വലിയ സമീപ പ്രദേശങ്ങളിലും വലിയ പ്രചാരമാണ് ലഭിച്ചത്. അതിനുശേഷം, വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്ന ജർമ്മനിയിലെ കൊളോണിലേക്കും (Cologne), ഹീഡൽബർഗിലേക്കും (Heidelberg), പാരീസിലെ സോർബോണിലേക്കും (Sorbonne) സന്ദർശനാർത്ഥം പോവുകയും സത്യേന്വേഷികളായ അനേകരെ കണ്ടെത്തുകയും സഭാചരിത്രം സംബന്ധിച്ചും ദൈവവചനം സംബന്ധിച്ചും തനിക്കു ലഭിച്ചിരുന്ന അറിവ് അവരുമായി പങ്കുവയ്ക്കുകയും ചെയ്തു.

ജർമ്മനിയിലെയും ഫ്രാൻസിലെയും സർവ്വകലാശാലകൾ സന്ദർശിച്ച് ഇപ്രകാരം ആശയവിനിമയം നടത്തിയതിന്റെ ഫലമായി, ഏതാനും ദശാബ്ദങ്ങൾക്കു മുമ്പ് ജോൺ വിക്ലിഫ് ഓക്സ്ഫോർഡിൽ തെളിയിച്ച സഭാനവീകരണ ദീപത്തിന്റെ പ്രകാശം വിജ്ഞാനകുതുകികളായ അനേകരുടെ ഹൃദയങ്ങളെ ശോഭിതമാക്കാൻ ഇടവന്നു. ഏകദേശം രണ്ടു വർഷങ്ങൾ ഈ സന്ദർശനത്തിനും ആശയവിനിമയത്തിനുമായി ചെലവഴിച്ച ശേഷം അദ്ദേഹം പ്രാഗിലേക്കു മടങ്ങി. ദൈവവചനസത്യങ്ങളും സഭാചരിത്ര സത്യങ്ങളും മനസ്സിലാക്കാൻ താത്പര്യം പ്രകടിപ്പിച്ചവരെ പങ്കെടുപ്പിച്ചുകൊണ്ട് പല ചർച്ചാസമ്മേളനങ്ങൾ ജോൺഹസ്സിന്റെ നേതൃത്വത്തിൽ അദ്ദേഹം നടത്തി.

സഭാനേതൃത്വത്തിന്റെ കല്പനകൾ ദൈവവചനത്തിനു വിരുദ്ധമാണെന്നു കണ്ടാൽ അവ തിരസ്കരിക്കാനുള്ള അവകാശം വിശ്വാസികൾക്കുണ്ട് എന്ന ആശയം ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് പകർന്നു കൊടുക്കുന്നതിന് ഇപ്രകാരം സാധിച്ചു. പാപമോചനം വിളംബരം ചെയ്യുന്ന മാർപ്പാപ്പയുടെ കല്പനയുടെ കോപ്പി അദ്ദേഹം പരസ്യമായി അഗ്നിക്കിരയാക്കി. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരുന്ന സഭാഭരണാധികാരികളുടെ ഹൃദയങ്ങളിൽ അദ്ദേഹത്തിനെതിരായ രോഷാഗ്നിയും കത്തിജ്വലിച്ചു.

തന്റെ ആത്മികഗുരുനാഥനായിരുന്ന ജോൺഹസ്സിനെതിരായ സഭാഭരണാധികാരികളുടെ നീക്കങ്ങൾ ശക്തി പ്രാപിക്കുന്നതിനു മുമ്പ് അദ്ദേഹം വിയന്നായിലേക്കും (Vienna), റഷ്യയിലേക്കും (Russia), ലിത്വാനിയയിലേക്കും (Lithuania), ഹംഗറിയിലേക്കും (Hungary) ഒക്കെ പോവുകയും നവീകരണാശയങ്ങൾ അവിടങ്ങളിലെ ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. ഔദ്യോഗികസഭയ്ക്കെതിരെ ആശയപ്രചരണയുദ്ധത്തിനു നേതൃത്വം കൊടുത്ത ഹസ്സിനെയും ജെറോമിനെയും വകവരുത്താൻ ബൊഹീമിയായിലെ സഭാനേതൃത്വം തീരുമാനിച്ചു.

ആ രാജ്യത്തിന്റെയും ബൊഹീമിയ ഉൾപ്പെടെയുള്ള ചെറുരാജ്യങ്ങളുടെയും മേൽ അധികാരം ഉണ്ടായിരുന്ന ജർമ്മനിയിലെ ചക്രവർത്തിയുടെ

സഹായത്തോടെ ഹസ്സിനെതിരെ നടപടി എടുക്കുവാൻ അവർ പരിശ്രമിച്ചു. ആ പരിശ്രമം വിജയിക്കുകയും ചെയ്തു. ജർമ്മനിയിലെ കോൺസ്റ്റാൻസിൽ കൂടുന്ന സഭാകൗൺസിലിനു മുമ്പാകെ വിസ്താരത്തിനു ഹാജരാകണ മെന്നു ഹസ്സിനോടു ആജ്ഞാപിക്കുന്ന കല്പന ചക്രവർത്തി നൽകി. കോൺസ്റ്റൻസിൽ എത്തിയ ഹസ്സിനെ അറസ്റ്റു ചെയ്തു ജയിലിലടച്ചു എന്ന വിവരം പ്രാഗിൽ ജെറോമിനു ലഭിച്ചപ്പോൾ അദ്ദേഹം വളരെ രഹസ്യമായി അവിടെ നിന്നു കോൺസ്റ്റൻസിലേക്കു യാത്ര തിരിച്ചു.

ഹസ്സ് വിസ്തരിക്കപ്പെടുമ്പോൾ അദ്ദേഹത്തിനു വേണ്ടി കൗൺസിലിനു മുമ്പാകെ വാദിക്കുവാൻ സാധ്യമാണെങ്കിൽ അതു ചെയ്യണമെന്നു ജെറോം ആഗ്രഹിച്ചു. പക്ഷേ കോൺസ്റ്റൻസിൽ എത്തിയപ്പോൾ തന്റെ ഗുരുവും സഹ പ്രവർത്തകനുമായ ഹസ്സിനുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നു അദ്ദേഹത്തിനു ബോധ്യമായി. അതിനാൽ അദ്ദേഹം അവിടെനിന്നു പ്രാഗി ലേക്കു തിരിച്ചു വരാൻ തീരുമാനിച്ചു.

പക്ഷേ പ്രാഗിൽ മടങ്ങിയെത്തുന്നതിനു മുമ്പ് വഴിമദ്ധ്യേ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ഹസ്സിനെ വിചാരണ ചെയ്തു ശിക്ഷിച്ചതുപോലെ അദ്ദേഹ ത്തെയും വിചാരണ ചെയ്തു ശിക്ഷിക്കാൻ ഭരണാധികാരികൾ തീരുമാ നിച്ചു. കൈകൾ ചങ്ങല കൊണ്ടും കാൽകൾ ആമം കൊണ്ടും ബന്ധിച്ച്, ക്രൂരപീഡനത്തിനു വിധേയനാക്കിക്കൊണ്ടാണ് അദ്ദേഹത്തെ ജയിലിൽ പാർപ്പിച്ചത്. താൻ വിശ്വസിച്ചതും പഠിപ്പിച്ചതുമെല്ലാം തെറ്റായിരുന്നുവെന്നു സമ്മതിക്കുകയും സഭയ്ക്കെതിരെ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചു ഖേദം പ്രകടിപ്പിക്കുയും വേണമെന്നു ഭരണാധികാരികൾ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഈ ആവശ്യങ്ങൾ നിരാകരിച്ചാൽ അതികഠിനമായ ദണ്ഡന ങ്ങൾ സഹിക്കേണ്ടി വരുമെന്ന മുന്നറിയിപ്പും അവർ നൽകി.

തടവുമുറിയിൽ കഴിയുമ്പോഴത്തെ അവസ്ഥ തന്നെ അങ്ങേയറ്റം അസ ഹനീയമായിരുന്നപ്പോഴാണ് അതിനു പുറമെയുള്ള അതിഭയങ്കരമായ ദണ്ഡ നങ്ങളെക്കുറിച്ചുള്ള ഭീഷണിയും കൂടി ഉണ്ടായത്. ഇതു നിമിത്തം താൻ മാസസികമായി തളർന്നു പോയി. താൻ വിശ്വസിച്ചതും പഠിപ്പിച്ചതും തെറ്റാ യിരുന്നു എന്നു ചിന്തിക്കുന്നുവെന്നും അവയെക്കുറിച്ചു ദു:ഖിക്കുന്നുവെന്നും അദ്ദേഹം അധികൃതരോടു പറഞ്ഞു. എന്നാൽ ഈ വാക്കുകൾ ജയിൽ അധികൃതർ മുഖവിലയ്ക്കെടുത്തില്ല. ഈ വിവരമറിഞ്ഞ മേലധികാരികൾ, നേരത്തെ സഭയ്ക്കു വിരോധമായി നടത്തിയ പ്രസ്താവനകൾ തെറ്റായി പ്പോയി എന്നും അവ പിൻവലിക്കുന്നുവെന്നും വ്യക്തമായി ആവർത്തിച്ചു പറയണമെന്നു അദ്ദേഹത്തോട് ആവശ്യപ്പെട്ടു.

ഇതിനിടെ പീഡനഭയം നിമിത്തം തന്റെ മനസാക്ഷിക്ക് എതിരായി പറഞ്ഞുപോയ വാക്കുകളെക്കുറിച്ച് അദ്ദേഹത്തിനു വലിയ ദു:ഖം തോന്നി യിരുന്നു. അതിനാൽ, തനിക്കു തെറ്റു പറ്റിപ്പോയി എന്നു ആവർത്തിച്ചു അധി

കൃതരുടെ മുമ്പാകെ പറയണമെന്ന ആവശ്യം അവർ ഉന്നയിച്ചപ്പോൾ, "എനിക്കു പറയാനുള്ളത് പരസ്യമായി മാത്രമേ ഞാൻ പറകയുള്ളൂ, അതിനുള്ള അവസരം എനിക്കു നൽകണം" എന്നാണ് അദ്ദേഹം അവരെ അറിയിച്ചത്. അതിൻപ്രകാരം പരസ്യമായി കുറ്റം സമ്മതിക്കാനുള്ള അവസരം അദ്ദേഹത്തിനു നൽകപ്പെട്ടു.

അപ്പോൾ എല്ലാവരും കേൾക്കെ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഞാൻ (പീഡനഭയം നിമിത്തം) നേരത്തെ നടത്തിയ കുറ്റസമ്മതം ഇപ്പോൾ പിൻവലിക്കുന്നു. ഞാൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ ഞാൻ ഉറച്ചുനിൽക്കുന്നു. എനിക്കെതിരെ കുറ്റാരോപണങ്ങൾ ഉന്നയിച്ചവർക്ക് പറയാനുണ്ടായിരുന്നത് മുഴുവൻ പറയാൻ നിങ്ങൾ അനുവാദം നൽകി; ആ ആരോപണങ്ങൾക്ക് മറുപടി പറയാൻ എനിക്കു അവസരം നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു." ഈ വാക്കുകൾ കേട്ട അധികാരികൾ ജോൺഹസ്സിനു കൊടുത്ത ശിക്ഷ തന്നെ ഇദ്ദേഹത്തിനും കൊടുക്കണമെന്നു തീരുമാനിച്ചു.

ചിതയിൽ ദഹിപ്പിച്ചു കൊല്ലണമെന്ന തീരുമാനം കോൺസ്റ്റൻസിലെ സഭാകൗൺസിൽ പ്രഖ്യാപിച്ചു. ശിക്ഷ ഒഴിവാക്കണമെന്നു ആഗ്രഹിച്ചുകൊണ്ട് ഫ്ളോറൻസിലെ അന്നത്തെ കർദ്ദിനാൾ അദ്ദേഹത്തെ സന്ദർശിച്ച്, അഭിപ്രായങ്ങളിൽ തെറ്റു പറ്റിയെന്നു സമ്മതിച്ചു മാപ്പ് പറയണമെന്നു ആവശ്യപ്പെട്ടു. പക്ഷേ അദ്ദേഹം ഒട്ടും വഴങ്ങിയില്ല. 1416 മെയ് 30–ാം തീയതി, തീയിൽ ദഹിപ്പിച്ചു കൊല്ലണം എന്നതായിരുന്നു കൗൺസിലിന്റെ വിധി. ഈ ശിക്ഷ നടപ്പിലാക്കുമ്പോൾ അദ്ദേഹത്തിന്റെ തലയിൽ ഒരു തൊപ്പി വച്ചിരിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നു. അതിൻപ്രകാരം, നൃത്തം ചെയ്യുന്ന പിശാചുക്കളെ ചുവപ്പു ചായത്തിൽ വരച്ചു വച്ചിരിക്കുന്ന ഒരു തൊപ്പി അദ്ദേഹത്തിനുവേണ്ടി ഉണ്ടാക്കി.

നിശ്ചിത ദിവസം ചിതയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പ് ഈ തൊപ്പി അദ്ദേഹത്തെ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "മഹാപാപിയായിരുന്ന എന്റെ പാപപരിഹാരത്തിനായി എന്റെ കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരണം സഹിച്ചപ്പോൾ എനിക്കുവേണ്ടി മുൾക്കിരീടം ധരിച്ചു. എന്റെ കർത്താവിനുവേണ്ടി നിന്ദയുടെയും വെറുപ്പിന്റെയും ദൈവദൂഷണത്തിന്റെയും ഈ തൊപ്പി ഞാനും ധരിക്കും" തികച്ചും ശാന്തനായി ഈ തൊപ്പി ധരിച്ചുകൊണ്ട്, ചിതയിൽ തന്നെ ബന്ധിച്ചു നിർത്താനായി തയ്യാറാക്കിയിരിക്കുന്ന തൂണിനടുത്തേക്ക് അദ്ദേഹം നടന്നു നീങ്ങി.

നിശ്ചിതസമയത്ത് ആ തൊപ്പിയും അദ്ദേഹത്തിന്റെ ശരീരവും അഗ്നിനാളങ്ങളിൽ എരിഞ്ഞമർന്നു. അദ്ദേഹത്തിന്റെ ശരീരത്തെ ദഹിപ്പിച്ച അഗ്നിനാളങ്ങൾ അവിടെ കെട്ടടങ്ങിയെങ്കിലും, അവിടെ ജ്വലിച്ചു പ്രകാശിച്ച ദൈവവചന സത്യങ്ങൾ ജനകോടികളുടെ ഹൃദയങ്ങളിൽ ഇന്നും പ്രകാശം പരത്തിക്കൊണ്ട് നിലകൊള്ളുന്നു. ❍

# 18 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**മൂന്നാം ഭാഗം: മൃഗങ്ങൾ**

കഴുത തന്നെയാണ് ഈ ലക്കത്തിലും നമ്മുടെ വിഷയം. (1) കഴുതയും ഹോശന്നായും, (2) കഴുതയും ശബ്ബത്തും, (3) കഴുതയും ബിലെയാമും എന്നീ മൂന്നു തലക്കെട്ടുകളിലായി വിഭജിച്ചാണല്ലോ നാം ഈ വിഷയം ചിന്തിക്കുന്നത്. ഇതിൽ ആദ്യത്തെ രണ്ടെണ്ണം കഴിഞ്ഞ ലക്കങ്ങളിൽ കൈകാര്യം ചെയ്തതാണ്. ഇനി മൂന്നാമത്തേത് നമുക്ക് നോക്കാം.

**കഴുതയും ബിലെയാമും:** "അവൻ (ബിലെയാം) അനീതിയുടെ കൂലി കൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി; ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലോ" (2 പത്രൊസ് 2:16). കഴുതയും ബിലെയാമും ഉൾപ്പെട്ട ഈ സീൻ പഴയനിയമത്തിൽ സംഖ്യാപുസ്തകം 22:21-34 ലാണ് നാം വായിക്കുന്നത്. മനുഷ്യനായ ബിലെയാം വെറും കഴുതയാവുകയും, അതേ സമയം സാക്ഷാൽ കഴുത ഹീറോ ആവുകയും ചെയ്ത സംഭവമാണ് അത്.

1. സംസാരിച്ച കഴുത: ആദ്യമായാണ് ഒരു കഴുത അന്ന് സംസാരിച്ചത്. വേദപുസ്തകപ്രകാരം, ഒരു കഴുത അവസാനമായി സംസാരിച്ചതും അന്നാണ്. അതായത്, സംസാരിക്കാനുള്ള ഭാഗ്യമുണ്ടായ ഒരേയൊരു കഴുതയാണ് അത്. സങ്കടമായാലും സന്തോഷമായാലും "ബ്രേ ബ്രേ" എന്നു മാത്രം ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജീവി, അന്നു ആദ്യമായി മനുഷ്യവാക്ക് സംസാരിച്ചു! അഥവാ കഴുതയ്ക്ക് ഭാഷാവരം ലഭിച്ചു! കഴുത അന്യഭാഷ സംസാരിച്ചു!

യജമാനനായ ബിലെയാമിനോട് കഴുത നാലു ചോദ്യങ്ങളാണ് ചോദിച്ചത്. എന്നെ അടിപ്പാൻ ഞാൻ നിന്നോട് എന്തു ചെയ്തു? ഞാൻ നിന്റെ കഴുതയല്ലയോ? ഇക്കാലമൊക്കെയും എന്റെ പുറത്തല്ലയോ നീ കയറി നടന്നത്? ഞാൻ എപ്പോഴെങ്കിലും നിന്നോട് ഇങ്ങനെ കാണിച്ചിട്ടുണ്ടോ? ഇതൊക്കെയാണ് കഴുത ചോദിച്ച ചോദ്യങ്ങൾ. നാം വീട്ടിൽ വളർത്തുന്ന മൃഗങ്ങളൊക്കെ ഇങ്ങനെ ചോദിക്കാൻ തുടങ്ങിയാൽ എന്തായിരിക്കും ഫലം?

വീട്ടിൽ വളർത്തുന്ന നായയും പശുവും പൂച്ചയും കോഴിയും എല്ലാം ഇങ്ങനെ സംസാരിക്കാൻ തുടങ്ങിയാൽ... ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാൽ... ദൈവം അവരുടെയൊക്കെ വായ് ആ നിലയിൽ അടച്ചുവെച്ചത് നന്നായി. "അപ്പോൾ യഹോവ കഴുതയുടെ വായ് തുറന്നു" എന്നാണ് നാം വായിക്കുന്നത് (സംഖ്യ 23:28). നമ്മുടെ വീട്ടിലെ മൃഗങ്ങളുടെ വായ് ദൈവം തുറക്കാതിരിക്കട്ടെ. തുറന്നാൽ എന്തൊക്കെ ചോദ്യങ്ങൾ അവയുടെ വായിൽനിന്നും നാം കേൾക്കേണ്ടി വരും? നമ്മിൽനിന്നും സഹിച്ചിട്ടുള്ള അന്യായങ്ങളെ അവ ചോദ്യം ചെയ്താൽ എന്തായിരിക്കും ഫലം? മൃഗങ്ങളാണ്, മിണ്ടാത്തവയാണ് എന്നൊക്കെ ചിന്തിച്ച് അവയോടു നാം അന്യായം ചെയ്യുമ്പോൾ ഇക്കാര്യം ഓർക്കുന്നത് നല്ലതാണ്.

ഈ രംഗത്തിൽ, ബിലെയാമിനെ പ്രവാചകൻ എന്നല്ല കഴുത എന്നു വിളിക്കാനാണ് എനിക്കു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ, ഇക്കാലമൊക്കെയും കൂടെയുണ്ടായിരുന്ന കഴുത പെട്ടെന്ന് ഒരു ദിവസം മനുഷ്യവാക്ക് സംസാരിച്ചപ്പോൾ, ഞെട്ടിവിറയ്ക്കേണ്ടതിനു പകരം, ബിലെയാം അതിനോട് തർക്കിക്കാൻ നിൽക്കുന്നു! നമ്മുടെ വീട്ടിലെ പൂച്ച പെട്ടെന്നൊരു ദിവസം, "നീ എന്നെ തല്ലിയത് എന്തിന്?" എന്നു ചോദിച്ചാൽ നാം മറുപടി പറയാനും തർക്കിക്കാനും നിൽക്കുമോ? മിക്കവാറും സംഭവിക്കാൻ പോകുന്നത്, പൂച്ചയുടെ സംസാരം കേട്ട വ്യക്തി ബോധം കെട്ടു താഴെ വീഴും. അല്ല, അയാൾ വീരനാണെങ്കിൽ വീട്ടിൽനിന്നും ഓടിപ്പോയിട്ടുണ്ടാകും. ഇവിടെ ഇതാ ദ്രവ്യാഗ്രഹം മൂലം മണ്ടനായിത്തീർന്ന ബിലെയാം കഴുതയോട് തർക്കിക്കാനും മറുപടി പറയാനും നിൽക്കുന്നു!

2. ദൂതനെ കണ്ട കഴുത: ബിലെയാം കാണാത്തത് കഴുത കണ്ടു. യഹോവയുടെ ദൂതൻ ഊരിപ്പിടിച്ച വാളുമായി വഴിയിൽ നിൽക്കുന്നു! ആ വേദഭാഗം നാം വായിക്കുമ്പോൾ, യഹോവയുടെ ദൂതൻ എന്നു കാണുന്നുവെങ്കിലും, ആ ദൂതൻ സംസാരിക്കുന്നത് യഹോവ എന്ന നിലയിലാണ്. അദൃശ്യനായ ദൈവത്തിന്റെ ദൃശ്യരൂപം എന്ന നിലയിലാണ് ആ ദൂതൻ അവിടെ നിൽക്കുന്നത്. അപ്പോൾ ആ കഴുത കണ്ടത് സാക്ഷാൽ ദൈവത്തിന്റെ ദൃശ്യരൂപത്തെയാണ്! മോശെയ്ക്ക് മുൾപ്പടർപ്പിൽ പ്രത്യക്ഷനായതും (പുറപ്പാട് 3), ഗിദയോന് പ്രത്യക്ഷനായതും (ന്യായാധിപന്മാർ 6) ഈ ദൂതൻ തന്നെയാണെന്നു ആ ഭാഗങ്ങളിൽനിന്നും വ്യക്തമാണ്. ആ നിലയിൽ ആ കഴുത തീർച്ചയായും ഭാഗ്യവാൻ തന്നെ.

ഏകദേശം 800 വർഷങ്ങൾക്കു ശേഷം, മറ്റൊരു കഴുതയ്ക്കുണ്ടായ ഭാഗ്യം നോക്കൂ! കർത്താവായ യേശുക്രിസ്തു ഒരു കഴുതപ്പുറത്ത് കയറി യെരൂശലേമിന്റെ വീഥിയിലൂടെ കടന്നുപോയി. ആരാണ് ഈ യേശു? "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ... ആകുന്നു" (കൊലൊ. 1:15).

അദൃശ്യനായ ദൈവത്തിന്റെ ദൃശ്യരൂപത്തെ കാണുവാൻ ഒരു കഴുതയ്ക്ക് അവസരം ലഭിച്ചപ്പോൾ, അവനെ ചുമക്കുവാൻ മറ്റൊരു കഴുതയ്ക്ക് ഭാഗ്യം ലഭിച്ചു! ഭാഗ്യവാന്മാരായ കഴുതകൾ! പാരമ്പര്യങ്ങളിലും അന്ധവിശ്വാസങ്ങളിലും മുഴുകി വെറും കഴുതകളായി നടന്നിരുന്ന നമ്മെ, മാറ്റിയെടുത്ത്, നമ്മുടെ ഉള്ളിൽ കർത്താവ് വസിക്കുന്ന അനുഭവം ഉളവാക്കിയെടുത്ത ദൈവത്തിനു സ്തോത്രം. ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ ആ രണ്ടു കഴുതകളേക്കാൾ പിന്നിലാകുമായിരുന്നു.

3. പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്ത കഴുത: വാക്കുകളിൽ ഭക്തിയും ദ്രവ്യാഗ്രഹമില്ലായ്മയുമെല്ലാം പ്രകടിപ്പിച്ച് തന്റെ ഭക്തിയും ദൈവത്തോടുള്ള വിധേയത്വവുമെല്ലാം ബിലെയാം പ്രകടിപ്പിച്ചുവെങ്കിലും, പണവും പ്രശസ്തിയും പല്ലിളിച്ചു കാണിച്ചു മുന്നിൽ വന്നു നിന്നപ്പോൾ അദ്ദേഹം അടിതെറ്റി വീണു. ബുദ്ധിഭ്രമം സംഭവിച്ചു. ആ ഭ്രാന്തിനെയാണ് കഴുത തടുത്തത്. ആ ഭ്രാന്ത് നിമിത്തമാണ്, തന്റെ കഴുത സംസാരിച്ചപ്പോഴും ബിലെയാം ഉണരാതെ, കഴുതയോട് മറുപടി പറയാൻ തുനിഞ്ഞത്.

ഇക്കാലത്ത് ഇത്തരം കഴുതകൾ വളരെ ഉണ്ടാകേണ്ടിയിരിക്കുന്നു. ആത്മികരംഗത്ത് മുൻനിരയിൽ നിൽക്കുന്ന പലരും പണവും പ്രശസ്തിയും ലക്ഷ്യമിട്ട് നീങ്ങുന്ന ദുരന്തക്കാഴ്ച നാം കാണുന്നില്ലേ? അവരുടെ ബുദ്ധിഭ്രമത്തെ ആരു തടുക്കും? സഭകളിലെ ദ്രവ്യാഗ്രഹത്തെ ആരു തടുക്കും? തല്ലു കൊണ്ടായാലും ആ കഴുത ബിലെയാമിന്റെ ബുദ്ധിഭ്രമത്തെ തടുക്കുക തന്നെ ചെയ്തു. അതുപോലെ, തിരിച്ചടികൾ നേരിടാൻ തയ്യാറായിക്കൊണ്ട്, ഇന്നു സഭകളിലെ ചില പ്രവാചകന്മാർ/നേതാക്കന്മാർ പണം നേടാനും പ്രശസ്തി നേടാനും കൊതിച്ചുകൊണ്ട് കാണിച്ചുകൂട്ടുന്ന ബുദ്ധിഭ്രമങ്ങളെ തടുക്കുവാൻ ദൈവം ചിലരെ എഴുന്നേല്പ്പിക്കുമാറാകട്ടെ. **(തുടരും)**

## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. തപാൽ മാർഗ്ഗം അയയ്ക്കുന്ന മാസിക പലപ്പോഴും ലഭിക്കാതെ പോകുന്നു. ഈ വാട്സാപ്ഗ്രൂപ്പിൽ അംഗമായാൽ മാസിക കൃത്യമായി വാട്സാപിൽ ലഭിക്കും. പ്രയോജനപ്പെടുത്തുക. **(എഡിറ്റർ)**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

37

**വിശ്വാസിയും പരിശുദ്ധാത്മാവും**

പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ ഒരു വിശ്വാസി ശ്രദ്ധിക്കേണ്ട നാലു കാര്യങ്ങളാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

1. ആത്മാവിനെ അനുസരിച്ചുനടപ്പിൻ (ഗലാത്യർ 5:16)
2. ആത്മാവിൽ നിറയുവിൻ (എഫെസ്യർ 5:15-21)
3. ആത്മാവിനെ ദുഃഖിപ്പിക്കരുത് (എഫെസ്യർ 4:30)
4. **ആത്മാവിനെ കെടുക്കരുത് (1 തെസ്സലോനിക്യർ 5:19)**

പരിശുദ്ധാത്മാവിനെ അഗ്നിയായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും നമ്മുടെ ഉള്ളിലേക്ക് പകർന്നു തരുന്ന അഗ്നിയാണ് പരിശുദ്ധാത്മാവ്. ആ അഗ്നി കെടുത്തരുത് എന്നാണ് നിർദ്ദേശം. നാം ആഹാരം പാകം ചെയ്യാനായി ഉപയോഗിക്കുന്ന തീ കൂടാതെ, മറ്റു അഞ്ചു തരം അഗ്നിയെക്കുറിച്ചു ബൈബിൾ പറയുന്നുണ്ട്. ആ അഞ്ചു വ്യത്യസ്ത അഗ്നികളെക്കുറിച്ചു പഠിക്കുന്നത്, ആത്മാവാകുന്ന അഗ്നിയുടെ പഠനത്തെ കൂടുതൽ മനോഹരമാക്കും.

**1. ഭൂമിയിൽ കർത്താവ് ചൊരിഞ്ഞ തീ** (ലൂക്കൊസ് 12:49)

''ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു...'' കർത്താവ് ഇവിടെ ഉദ്ദേശിച്ച തീ എന്താണ് എന്നു സന്ദർഭത്തിൽനിന്നും മനസ്സിലാക്കാം. കർത്താവിന്റെ നിമിത്തം വ്യക്തികൾ തമ്മിലും കുടുംബാംഗങ്ങൾ തമ്മിലും ഉണ്ടാകുന്ന ഭിന്നതയാണ് ഇവിടത്തെ തീ (12:51-53). കർത്താവിനെ പിൻപറ്റാൻ ഒരു വ്യക്തി തീരുമാനിക്കുമ്പോൾ ഈ തീ കത്തുന്നു. വ്യക്തിബന്ധങ്ങൾ തകരുന്നു. കുടുംബബന്ധങ്ങൾ തകരുന്നു.

ഈ അഗ്നി നിമിത്തം പലരും പിന്മാറിപ്പോകാറുണ്ട്. എന്നാൽ സ്വർഗ്ഗത്തിൽനിന്നും നമ്മുടെ മേൽ പകരപ്പെടുന്ന പരിശുദ്ധാത്മാവിനാൽ ഈ തീയുടെ ചൂട് നമുക്ക് അതിജീവിക്കാൻ കഴിയും. ആത്മാവാകുന്ന അഗ്നിയെ കെടുത്തിക്കളഞ്ഞാൽ, ഭൂമിയിലെ ഛിദ്രമാകുന്ന അഗ്നിയെ നേരിടാൻ നമുക്കു കഴിയാതെ വരും. തീയിനെ തീ കൊണ്ട് നേരിടുക. അതായത്, കർത്താവിനെ

സ്വീകരിക്കുന്നതു നിമിത്തം സമൂഹത്തിൽ നിന്നോ കുടുംബത്തിൽ നിന്നോ മറ്റേതെങ്കിലും ഭാഗത്തു നിന്നോ എതിർപ്പുകളും ഭിന്നതകളും ഉണ്ടായാൽ പിന്മാറിപ്പോകാതെ സ്വർഗ്ഗീയ അഗ്നിയായ പരിശുദ്ധാത്മാവിനാൽ അതിനെ നാം നേരിടണം.

**2. യാഗപീഠത്തിലെ തീ** (ലേവ്യർ 6:12,13)

യാഗപീഠത്തിലെ തീയും പരിശുദ്ധാത്മാവാകുന്ന തീയും തമ്മിൽ നല്ല സാദൃശ്യമുണ്ട്. പരിശുദ്ധാത്മാവാകുന്ന തീയുടെ നിഴലാണ് യാഗപീഠത്തിലെ തീ എന്നു പറയാം. കാരണം യാഗപീഠത്തിലെ തീ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ തീ ആണ് (ലേവ്യർ 9:24). പരിശുദ്ധാത്മാവെന്ന തീയും സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിയതാണല്ലോ. യാഗപീഠത്തിലെ തീ കെട്ടുപോകാതെ സൂക്ഷിക്കണം എന്നു നിർദ്ദേശിച്ചിരുന്നു (ലേവ്യർ 6:13). പരിശുദ്ധാത്മാവെന്ന തീയും കെട്ടുപോകാതെ സൂക്ഷിക്കണം എന്നാണല്ലോ 1 തെസ്സലോനിക്യർ 5:19 ൽ പറഞ്ഞിരിക്കുന്നത്.

യാഗപീഠത്തിലെ തീ കെട്ടുപോകാതിരിക്കാനായി അവർ 24 മണിക്കൂറും ഹോമയാഗം അർപ്പിച്ചുകൊണ്ടേയിരുന്നു (ലേവ്യർ 6:9,12). വെണ്ണീർ എടുത്ത് യാഗപീഠം വൃത്തിയാക്കുമായിരുന്നു (6:10). തീക്കലശം അവിടെ ഉണ്ടായിരുന്നു. വെണ്ണീർ എടുക്കുന്ന സമയത്തും യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോഴും യാഗപീഠത്തിലെ തീ കെട്ടുപോകാതെ സൂക്ഷിക്കുന്നതിനു ഈ തീക്കലശം ഉപകരിക്കും.

യാഗപീഠത്തിലെ തീ ഒരിക്കലും കെട്ടുപോകരുത്. അതുപോലെ ആത്മാവാകുന്ന തീയും കെട്ടുപോകരുത്. നാം അത് സൂക്ഷിക്കണം.

**3. അപരിചിതമായ തീ** (ലേവ്യർ 10:1, 2)

ധൂപകലശത്തിൽ ഇടേണ്ടത് യാഗപീഠത്തിലെ തീ ആണ് (സംഖ്യാ 16:46). മറ്റു തീ ഉപയോഗിച്ചാൽ അത് അന്യാഗ്നി (അപരിചിതമായ തീ) ആണ്. സ്വർഗ്ഗത്തിൽ നിന്നും പകർന്നു കിട്ടിയ തീയാണല്ലോ യാഗപീഠത്തിലേത്. ആ തീ തന്നെ എടുത്തിട്ടുള്ള ധൂപകലശമായി ദൈവസന്നിധിയിൽ ചെല്ലണം. അതുപോലെ സ്വർഗ്ഗത്തിൽ നിന്നും നമ്മുടെ മേൽ പകർന്നിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന തീ ഉപയോഗിച്ചു നാം ദൈവത്തെ സേവിക്കണം. ഇല്ലെങ്കിൽ പ്രയോജനമില്ലെന്നു മാത്രമല്ല ശിക്ഷ ലഭിക്കുകയും ചെയ്യും (മത്തായി 7:22,23).

ആത്മാവാകുന്ന അഗ്നി നാം കത്തിക്കണം. പാരമ്പര്യങ്ങളും ദുരുപദേശങ്ങളും ആയ അഗ്നി കത്തിക്കരുത്. സഭാപരിപാടികൾ 'കളർ' ആക്കാനുള്ള ശ്രമത്തിൽ ബൈബിളിലില്ലാത്ത കാര്യങ്ങൾ കൊണ്ടുവരരുത്.

**4. പ്രവൃത്തികളെ പരിശോധിക്കുന്ന തീ** (1 കൊരിന്ത്യർ 3:13)

വിശ്വാസികളുടെ പ്രവൃത്തികളെല്ലാം തീ കൊണ്ട് പരിശോധിക്കുമെന്നു വചനം വെളിപ്പെടുത്തിയിരിക്കുന്നു. നമ്മുടെ പ്രവൃത്തികൾ പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവയ്ക്കു തുല്യമായതാണെങ്കിൽ, അവ നിലനിൽക്കും. പ്രതിഫലം ലഭിക്കും. എന്നാൽ നമ്മുടെ പ്രവൃത്തികൾ മരം, പുല്ല്, വൈക്കോൽ എന്നിവയ്ക്കു തുല്യമായതാണെങ്കിൽ അവ നിലനിൽക്കുകയില്ല. പ്രതിഫലം നഷ്ടപ്പെടും. ഇന്നു ആത്മാവാകുന്ന തീയിനെ കെടാതെ നോക്കുന്നവർക്ക് പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവയ്ക്കു സമാനമായ പ്രവൃത്തികൾ ചെയ്യാൻ കഴിയും.

പരിശുദ്ധാത്മാവാകുന്ന തീയിനെ കെടുത്തിക്കളയുന്ന തരം പ്രവൃത്തികൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കണം. പരിശുദ്ധാത്മാവ് എന്ന അഗ്നിയെ നാം ജ്വലിപ്പിക്കണം. അതിനു സഹായകമായ പ്രവൃത്തികൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

**5. നരകത്തിലെ തീ** (മർക്കൊസ് 9:47, 48)

യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി അംഗീകരിക്കുന്നവരുടെ മേലാണ് സ്വർഗ്ഗത്തിൽ നിന്നും പരിശുദ്ധാത്മാവ് എന്ന തീ പകരപ്പെടുന്നത്. ഈ തീ ഒരുവന്റെ മേൽ പകർന്നു ലഭിച്ചിട്ടില്ലെങ്കിൽ, അവനു ലഭിക്കാൻ പോകുന്നത് നരകത്തിലെ തീ ആണ്. നിത്യത മുഴുവൻ നരകത്തിൽ കഴിയുവാൻ അവൻ വിധിക്കപ്പെടുന്നു. ഏതെങ്കിലും നിലയിൽ, പിന്നീട് എപ്പോഴെങ്കിലും, അവനെ നരകത്തിൽ നിന്നും വിടുവിക്കുന്നതായി വചനം പറയുന്നില്ല.

**(തുടരും)**


## സത്യം തേടിയുള്ള അന്വേഷണം

**28 പേജ് മാത്രമുള്ള ഒരു ചെറുപുസ്തകമാണ് ഇത്. അന്വേഷകരായ ആളുകൾക്ക് കൊടുത്താൽ പ്രയോജനപ്പെടും. (1) സുവിശേഷം അറിയിക്കുന്നതെന്തുകൊണ്ട്? (2) ബൈബിളിന് എന്തു വിശേഷത? (3) ദൈവവും സാത്താനും ഉണ്ടോ? (4) ഏതാണ് ശരിയായ ദൈവം? (5) ബഹുദൈവവിശ്വാസം ശരിയോ? (6) വിഗ്രഹം വച്ചാൽ എന്താണു പ്രശ്നം? (7) മനുഷ്യനിൽ ആത്മാവുണ്ടോ? (8) യേശുക്രിസ്തു എന്തിനു വന്നു? (9) ആത്മരക്ഷ എങ്ങനെ പ്രാപിക്കാം? (10) സ്നാനപ്പെടുന്നത് എന്തിന്? എന്നീ പത്തു ചോദ്യങ്ങൾക്കുള്ള ഉത്തരം ആണ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ളത്.**

ഈ പുസ്തകം സൗജന്യമാണ്.
ആവശ്യപ്പെടുന്നവർക്ക് ഫ്രീ ആയി അയച്ചുതരും.

**(എഡിറ്റർ)**

# യോവേൽ (പുസ്തകപഠനം)

23

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 3:8**

**"ഞാൻ നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും യെഹൂദ്യർക്കു വിറ്റുകളയും; അവർ അവരെ ദൂരത്തുള്ള ജാതിയായ ശെബായർക്കു വിറ്റു കളയും; യഹോവ അതു അരുളിച്ചെയ്തിരിക്കുന്നു."**

ഈ പ്രവചനം സോർ, സീദോൻ, സകല ഫെലിസ്ത്യപ്രദേശങ്ങൾ എന്നിവയെക്കുറിച്ചാണ് (3:4). അവർ ദൈവജനമായ യിസ്രായേലിനോടു ചെയ്തു കൂട്ടിയിട്ടുള്ള അക്രമങ്ങൾക്കു തക്കവിധം അവർക്കു പകരം ലഭിക്കും എന്നു യോവേൽപ്രവാചകൻ വെളിപ്പെടുത്തുന്നു. "നിങ്ങളുടെ പ്രവൃത്തി നിങ്ങളുടെ തലമേൽ തന്നേ വരുത്തും" എന്നാണ് പ്രവചനം (3:4). അവരുടെ മക്കളെ യെഹൂദ്യർക്കു വിറ്റുകളയും. അവർ അവരെ ദൂരത്തുള്ള ജാതിയായ ശെബായർക്കു വിറ്റുകളയും.

ഈ പ്രവചനം എന്നു നിറവേറിയെന്ന് അറിയില്ല. മഹാനായ അലക്സാണ്ടർ ചക്രവർത്തി സോരിനെ ആക്രമിച്ചു കീഴടക്കിയെന്നു ചരിത്രത്തിൽ രേഖയുണ്ട്. അപ്പോഴാണോ ഇങ്ങനെ സംഭവിച്ചത്? അതോ കല്ദയരാജാവായ നെബൂഖദ്നേസർ ഇവരെ ആക്രമിച്ചു കീഴടക്കിയതിനു ശേഷമാണോ ഇങ്ങനെ സംഭവിച്ചത്? അറിഞ്ഞുകൂടാ. പക്ഷേ ഒരു കാര്യം നമുക്കു ഉറപ്പിച്ചു പറയാം. ഇത് സംഭവിച്ചിട്ടുണ്ട്. കാരണം, "യഹോവ അതു അരുളിച്ചെയ്തിരിക്കുന്നു." ദൈവം അരുളിച്ചെയ്തത് നടന്നിരിക്കും.

**യോവേൽ 3:9**

**"ഇതു ജാതികളുടെ ഇടയിൽ വിളിച്ചുപറവിൻ! വിശുദ്ധയുദ്ധത്തിനു ഒരുങ്ങിക്കൊൾവിൻ! വീരന്മാരെ ഉദ്യോഗിപ്പിപ്പിൻ! സകല യോദ്ധാക്കളും അടുത്തുവന്നു പുറപ്പെടട്ടെ"**

ദൈവമക്കൾക്കെതിരെ എന്നും ഈ ലോകം യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ അനേകം നിയമങ്ങളും വിചാരണകളും ദൈവജനത്തിന് എതിരെ ഉയർന്നിട്ടുണ്ട്. തുടച്ചുമാറ്റും എന്നു വീരവാദം മുഴക്കി അനേകം ആളുകൾ മുന്നോട്ടു വന്നിട്ടുണ്ടെങ്കിലും അവരെല്ലാം ഒന്നൊന്നായി പരാജയപ്പെടുകയാണ് ഉണ്ടായത്.

### (1) ശത്രുവിന്റെ പരാജയം ഉറപ്പാണ്

ദൈവജനത്തിന്റെ ശത്രുക്കളോട് പ്രവാചകൻ പറയുന്നു: വിശുദ്ധ യുദ്ധത്തിനു ഒരുങ്ങിക്കൊൾവിൻ. ദൈവജനത്തിനെതിരെയുള്ള മറ്റുള്ളവരുടെ പ്രവർത്തനങ്ങളിൽ പരാജയം അവർക്കായിരിക്കും. അതുകൊണ്ടാണ് യുദ്ധത്തിനു ഒരുങ്ങിക്കൊള്ളാൻ യോവേൽ ആഹ്വാനം ചെയ്യുന്നത്. ആരെങ്കിലും ശത്രുവിനോട് ഇങ്ങനെ ആഹ്വാനം ചെയ്യുമോ? പക്ഷേ, യോവേലിലൂടെ ദൈവം അതു ചെയ്തു. ശത്രു ആരായിരുന്നാലും ദൈവജനം വിജയം നേടിയിരിക്കും. കാരണം ദൈവജനത്തിന്റെ ഭാഗത്തുള്ളത് സർവ്വശക്തനായ ദൈവമാണ്.

ഹാമാനും മൊർദ്ദെഖായിയും തമ്മിലുണ്ടായിരുന്ന ശത്രുതയെപ്പറ്റി നാം എസ്ഥേറിന്റെ പുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. തുടക്കത്തിൽ ഹാമാൻ കുറച്ചൊക്കെ വിജയിച്ചു എന്നു തോന്നി. പക്ഷേ ദൈവജനത്തിലെ ഒരുവനായ മൊർദ്ദെഖായിയുടെ മുമ്പിൽ ഏറെക്കാലം വിജയിയായി തുടരാൻ ഹാമാനു കഴിഞ്ഞില്ല. ഹാമാനോട് അവന്റെ ഭാര്യ സേരെശും മറ്റുള്ളവരും പറഞ്ഞത് ഇപ്രകാരമാണ്: "മൊർദ്ദെഖായിയുടെ മുമ്പിൽ നീ വീഴുവാൻ തുടങ്ങി; അവൻ യെഹൂദ്യവംശക്കാരനാകുന്നു എങ്കിൽ നീ അവനെ ജയിക്കയില്ല; അവനോടു തോറ്റുപോകെയുള്ളൂ" (എസ്ഥേർ 6:13).

ഒടുവിൽ സംഭവിച്ചത് എന്താണ്? "അവർ ഹാമാനെ അവൻ മൊർദ്ദെഖായിക്കുവേണ്ടി നാട്ടിയിരുന്ന കഴുമരത്തിന്മേൽ തന്നേ തൂക്കിക്കളഞ്ഞു" (എസ്ഥേർ 7:10). ഹാമാന്റെ ഭാഗത്തു രാജാവുണ്ടായിരുന്നു; മൊർദ്ദെഖായിയുടെ ഭാഗത്ത് യിസ്രായേലിന്റെ ദൈവമായ യഹോവ ഉണ്ടായിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ആ രാജാവിനെ ഹാമാനെതിരെ തിരിച്ചുകൊണ്ട്, ആ രാജാവിനെക്കൊണ്ടു തന്നെ ഹാമാനെ തൂക്കിക്കൊല്ലാൻ വിധി പുറപ്പെടുവിച്ചുകൊണ്ട് ദൈവം തന്റെ സർവ്വശക്തി തെളിയിച്ചു.

അറബ് -യിസ്രായേൽ യുദ്ധങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ദൈവത്തിന്റെ സംരക്ഷണമുള്ള യിസ്രായേൽ ജനം എന്നും വിജയിച്ചുപോന്നു. കാരണം ദൈവമാണ് അവരുടെ ഭാഗത്തുള്ളത്.

ദൈവജനമേ, ഓർക്കുക. നമ്മളുമായി അങ്കം വെട്ടിക്കൊണ്ടിരിക്കുന്നവന്റെ ഗ്രാഫ് എപ്പോഴും താഴത്തേക്ക് ആയിരിക്കും. അവൻ എവിടെയും വിജയിക്കുന്നവനായിരിക്കാം. പക്ഷേ ദൈവപൈതലിന്റെ മുമ്പിൽ തോറ്റുപോകും. അഥവാ അവൻ വിജയിച്ചു എന്നു തോന്നിയാൽ തന്നെ അതു താത്കാലികം മാത്രമാണ്. ഹാമാൻ മൊർദ്ദെഖായിയുടെ മുമ്പിൽ വീഴുവാൻ തുടങ്ങി. വിശ്വാസികളെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ട ശൗൽ കുതിരപ്പുറത്തുനിന്നും താഴെ വീണു.

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

18

## എന്തിന് ഇങ്ങനെയൊരു ദൈവം?

ബൈബിൾവായന ബ്രദർ കൊച്ചുണ്ണിക്ക് ഹരമാണ്. പക്ഷേ ബൈബിൾ വായിച്ചുകഴിഞ്ഞാൽ പിന്നെ കുറച്ചു നേരത്തേക്ക് ഇരുമ്പ് വിഴുങ്ങിയതു പോലെയാണെന്നു മാത്രം. വായിച്ചത് ദഹിക്കാത്ത അവസ്ഥ.

മൂപ്പനും ഇട്ടിയപ്പച്ചനും ഇരുന്ന് സംസാരിക്കുന്നിടത്തേക്ക് ബ്രദർ കൊച്ചുണ്ണി നിയന്ത്രണം നഷ്ടപ്പെട്ട ടിപ്പർലോറി പോലെ പാഞ്ഞുവന്നു.

“ന്താ, കൊച്ചുണ്ണ്യേ, വല്ല പട്ടിയെ ങ്ങാനും നെന്നെ കടിക്കാൻ വന്നോ?” ഇട്ടിയപ്പച്ചൻ ചോദിച്ചു.

ഒട്ടും താമസിക്കാതെ കൊച്ചുണ്ണിയുടെ മറുപടി വന്നു: “പട്ടീം പൂച്ചേം ഒക്കെ അവിടെ നിക്കട്ടെ. ഉല്പത്തി 15 ന്റെ നാലിൽ എന്താ വായിക്കുന്നത്? ദൈവം അബ്രാഹാമിന് മകനെ കൊടുക്കും എന്നു അവിടെ പറഞ്ഞില്ലേ?”

“ഉവ്വ്...” ഇട്ടിയപ്പച്ചൻ സമ്മതിച്ചു. ‘‘...ന്ന്ട്ട് മകനെ കൊടുത്തില്ലേ? ദൈവം തരും എന്നു പറഞ്ഞാൽ തന്നിരിക്കും...”

“അതല്ല ഇട്ടിയപ്പച്ചാ, കൊടുക്കും എന്നു പറഞ്ഞ മകനെ എത്ര കൊല്ലം കഴിഞ്ഞിട്ടാ കൊടുത്തത്?” കൊച്ചുണ്ണിയുടെ ഈ ചോദ്യത്തിന്റെ ഉത്തരം അറിയാത്ത ഇട്ടിയപ്പച്ചൻ മൂപ്പനെ നോക്കി.

“25 കൊല്ലം കഴിഞ്ഞ്...” മൂപ്പൻ മറുപടി പറഞ്ഞു.

“കറക്റ്റ്...” കൊച്ചുണ്ണിക്ക് ആവേശമായി. ‘‘....മകനെ കൊടുക്കും എന്നു പറഞ്ഞിട്ട് അത് കൊടുക്കാൻ 25 കൊല്ലം വേണ്ടിവന്നിരിക്കുന്നു. അത്യാവശ്യമുള്ള ഒരു കാര്യം തരാമെന്നു പറഞ്ഞ് മോഹിപ്പിച്ചിട്ട് അതിനുവേണ്ടി 25 കൊല്ലം കാത്തിരിക്കേണ്ട ഗതികേട് അബ്രാഹാമിന് ഉണ്ടായി.”

ഇത്രയും പറഞ്ഞിട്ട് കൊച്ചുണ്ണി ഒന്നു നിർത്തി. എന്നിട്ട് ശബ്ദമുയർത്തി അത്യധികം ആവേശത്തോടെ ഒരു ചോദ്യം: ‘‘എന്തിനാണ് ഇങ്ങനെയൊരു ദൈവം എന്നു ആരെങ്കിലും ചോദിച്ചാൽ നാം എന്തു മറുപടി പറയും?”

മൂപ്പനും ഇട്ടിയപ്പച്ചനും പ്രതികരിച്ചില്ല. ഇത് കൊച്ചുണ്ണിയെ കൂടുതൽ ആവേശം കൊള്ളിച്ചു.

“മക്കളില്ലാത്ത വിഷമത്തിൽ ഇരിക്കുന്ന ഒരാളോട് മകനെ തരും എന്നു പറയുക... എന്നിട്ട് 25 കൊല്ലം പറഞ്ഞ വാക്കു പാലിക്കാതിരിക്കുക. എന്തൊരു കോമഡിയാണിത്?”

ബ്രദർ കൊച്ചുണ്ണി തോരാമഴ പോലെ നിന്നു പെയ്യുകയാണ്.

"മറ്റു മതക്കാർ ചോദിച്ചാൽ നാം എന്തു മറുപടി പറയും?"

ഇട്ടിയപ്പച്ചൻ മ്ലാനവദനനായി താഴത്തേക്ക് നോക്കി നിന്നു. കൊച്ചുണ്ണിയുടെ ചോദ്യം കാമ്പുള്ളതാണെന്നു ഇട്ടിയപ്പച്ചനു തോന്നി.

"എന്താ മൂപ്പൻ ഒന്നും പറയാത്തത്?" ബ്രദർകൊച്ചുണ്ണിയുടെ ചോദ്യം കേട്ടതോടെ ഇട്ടിയപ്പച്ചനും മൂപ്പനെ നോക്കി.

മൂപ്പൻ ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു: "പറഞ്ഞ കാര്യം പൂർണ്ണമായും ചെയ്യാൻ ദൈവം കാലതാമസം എടുത്തതുകൊണ്ടാണ് ഞാനും നിങ്ങളുമെല്ലാം ഇന്ന് ഇവിടെ ഉണ്ടായത്? പറഞ്ഞ കാര്യം അപ്പോൾ തന്നെ ദൈവം നടത്തിയിരുന്നുവെങ്കിൽ നാം ഈ ഭൂമിയിൽ ഉണ്ടാകില്ലായിരുന്നു - ദൈവത്തെ ചോദ്യം ചെയ്യാനായി."

നെറ്റി ചുളിച്ചു നിന്ന കൊച്ചുണ്ണിയേയും, വാ പൊളിച്ചു നിന്ന ഇട്ടിയപ്പച്ചനെയും നോക്കി മൂപ്പൻ തുടർന്നു:

"തിന്നുന്ന നാളിൽ നീ മരിക്കും എന്നാണ് ഉല്പത്തിപ്പുസ്തകത്തിൽ ദൈവം ആദാമിനോട് പറഞ്ഞത്. എന്നിട്ട് തിന്ന നാളിൽ ആദാം മരിച്ചുവോ? ആദാം 930 വർഷം ജീവിച്ചു എന്നാണ് നാം ബൈബിളിൽ വായിക്കുന്നത്.

"തിന്ന നാളിൽ ആദാം മരിച്ചിരുന്നുവെങ്കിൽ ഞാനും നിങ്ങളും ഈ ഭൂമിയിൽ ഉണ്ടാകില്ലായിരുന്നു എന്നോർക്കുക."

"തിന്ന നാളിൽ ആദാമിനെ മരണം പിടികൂടിയെങ്കിലും ആദാം പൂർണ്ണമായും മരിച്ചില്ല. 930 വയസ്സുവരെ ജീവിച്ചു. വിഷം കഴിച്ച ആൾ ഏതാനും മണിക്കൂറുകളോ ദിവസങ്ങളോ ജീവിച്ചിരിക്കുന്ന പോലെയാണിത്.

"അതായത്, പറഞ്ഞ വാക്ക് പാലിക്കാൻ ചില വർഷങ്ങൾ ദൈവം എടുക്കുന്നതുകൊണ്ട് നമുക്ക് ഗുണമാണ് ഉണ്ടായത് എന്നു ചുരുക്കം."

"ഇനി അബ്രാഹാമിന്റെ കാര്യം നോക്കാം. മകനെ കൊടുക്കാൻ ദൈവം വൈകിയതിൽ അബ്രാഹാം ഒരിക്കലും പരാതിപ്പെട്ടില്ല. എന്തിനാണ് ഇങ്ങനെയൊരു ദൈവം എന്നു അബ്രാഹാം ചോദിച്ചില്ല. അന്യദേവന്മാരെ തേടി പോയതുമില്ല."

"ഇതിൽ നിന്നും നമുക്ക് എന്തു മനസ്സിലാക്കാം? അബ്രാഹാമിന് അത് ഉൾക്കൊള്ളാനുള്ള മനസ്സുണ്ടായിരുന്നു. 25 കൊല്ലത്തെ ഇടവേളയിൽ അബ്രാഹാമിന് പരാതിയില്ലെങ്കിൽ പിന്നെ നമുക്ക് എന്തിന് പരാതി?"

മൂപ്പൻ പറഞ്ഞു നിർത്തിയപ്പോൾ ഇട്ടിയപ്പച്ചന്റെ വക ഉപസംഹാരം ഇപ്രകാരമായിരുന്നു: "അപ്പന്റെ പെരുമാറ്റത്തിൽ മകന് പരാതിയില്ലെങ്കിൽ പിന്നെ നാട്ടുകാർക്ക് എന്തിന് പരാതി?"

കൊച്ചുണ്ണിക്ക് പക്ഷേ പരാതി മാറിയില്ലെന്നു തോന്നുന്നു. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th June 2021

Posted at
Thrissur RMS

**ആനുകാലികം**

## 1 സിടി സ്കാൻ = 300 എക്സ്റേ കാൻസറിനു സാധ്യത

ഡോക്ടറുടെ നിർദ്ദേശമില്ലാതെ, നേരിയ കോവിഡ് ബാധയുള്ളവർ പോലും അനാവശ്യമായി സിടി സ്കാൻ എടുക്കുന്നതിനെതിരെ ആരോഗ്യമന്ത്രാലയം മുന്നറിയിപ്പ് തന്നപ്പോഴാണ് ഇക്കാര്യം വെളിപ്പെടുത്തിയത്:

> ഒരു തവണ സിടി സ്കാൻ എടുക്കുന്നത് 300 തവണ നെഞ്ചിന്റെ എക്സ്റേ എടുക്കുന്നതിനു തുല്യമാണ്. ചെറുപ്രായത്തിൽ തുടരെ സിടി സ്കാൻ എടുക്കുന്നത് കടുത്ത റേഡിയേഷനും ഭാവിയിൽ കാൻസറിനും കാരണമാകാമെന്നു ആരോഗ്യമന്ത്രാലയത്തിന്റെ മാധ്യമ സമ്മേളനത്തിൽ എയിംസ് ഡയറക്ടർ ഡോ. രൺദീപ് ഗുലേറിയ പറഞ്ഞു. (*മലയാള മനോരമ,* മെയ് 4, 2021)

സൂക്ഷിക്കുക! തൊട്ടതിനും പിടിച്ചതിനും ഒക്കെ സിടി സ്കാൻ എടുക്കേണ്ടതില്ല. ചിലപ്പോൾ നമ്മുടെ ശരീരത്തിലേക്കു കാൻസറിനു വരാനുള്ള വാതിലായി അത് മാറിയേക്കാം. രോഗനിർണ്ണയത്തിനു സിടി സ്കാനിന്റെ പ്രാധാന്യം പലപ്പോഴും വെളിപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ഇങ്ങനെയൊരു അപകടം കൂടി ഒളിച്ചിരിപ്പുണ്ട് എന്നു നാം തിരിച്ചറിയുക.

❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V